# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3691 — 19.02.2013-ൽ മറുപടിക്ക്

## എല്ലാത്തരം ഇൻബോർഡ് വള്ളങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. എ. എം. ആരിഫ്** | **ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) അപകടം മൂലം നാശം സംഭവിച്ചാൽ എല്ലാത്തരം ഇൻബോർഡ് വള്ളങ്ങൾക്കും മതിയായ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നില്ലെന്ന കാര്യം നിരീക്ഷിച്ചിട്ടുണ്ടോ;<br>(ബി) ഇൻഷ്വറൻസ് പരിരക്ഷയും, മതിയായ നഷ്ടപരിഹാരവും നൽകാൻ നടപടി സ്വീകരിക്കുമോ; | (എ) & (ബി) ഉണ്ട്. മത്സ്യഫെഡ് ഉപകരണ സുരക്ഷാ പദ്ധതി പ്രകാരം മത്സ്യഫെഡിന്റെ വിവിധ സ്കീമുകളിൽ നൽകുന്ന ഇൻബോർഡ് വള്ളങ്ങൾ ഉൾപ്പെടെ എല്ലാത്തരം മത്സ്യബന്ധന ഉപകരണങ്ങൾക്കും ഗുണഭോക്താവ് 50%, മത്സ്യഫെഡ് 50% എന്ന നിരക്കിൽ പ്രീമിയം നൽകി ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. മത്സ്യബോർഡിൽ ഇൻബോർഡ് വള്ളങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതി നിലവിലില്ല. |
| (സി) നാടൻ യാനങ്ങൾക്കും, യന്ത്രവത്കൃതബോട്ടുകൾക്കും അപകടമുണ്ടായാൽ രക്ഷാപ്രവർത്തനത്തിന സഹായം അഭ്യർത്ഥിക്കുന്നതിനാവശ്യമായ യന്ത്രസാമഗ്രികൾ നൽകാൻ ആലോചിക്കുമോ? | (സി) നാടൻ യാനങ്ങൾക്കും, യന്ത്രവത്കൃതബോട്ടുകൾക്കും അപകടമുണ്ടായാൽ രക്ഷാപ്രവർത്തനത്തിന് സഹായമഭ്യർത്ഥിക്കുന്നതിനാവശ്യമായതും സുരക്ഷയ്ക്കായി മത്സ്യബന്ധനവേളയിൽ സുരക്ഷാകിറ്റ് (10 item ഉൾപ്പെടെ) വിതരണം ചെയ്തുവരുന്നു. സുനാമി അടിയന്തിര പദ്ധതി/ പുന:രധിവാസപദ്ധതി/പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി 7262 സുരക്ഷാകിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. റേഡിയോ ബീക്കൺ, ലൈഫ് ബോയ്, റഡാർ റിഫ്ലക്ടർ, ഹീലിയോഗ്രാഫ്, ഫിഷിംഗ് കം എമർജൻസി ഫ്ലാഷ് ലൈറ്റ്, ഫസ്റ്റ് എയ്ഡ് കിറ്റ്, വൈറ്റമിൻ ബിസ്കറ്റ്, കോംപസ്, ജാക്ക്നൈഫ്, കന്നാസ് എന്നീ ഉപകരണങ്ങളാണ് സുരക്ഷാ കിറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കൂടാതെ കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ മത്സ്യബന്ധന യാന ഉടമകൾക്ക് എ.ഐ.എസ്. (Automatic Identification System) ജി.പി.എസ്., വി.എച്ച്.എഫ്. മറൈൻ റേഡിയോ, എക്കോ സൗണ്ടർ, റേഡിയോ ബീക്കൺ എന്നിവ ഉൾപ്പെടുന്ന സുരക്ഷാ കിറ്റുകൾ കേരള തീരദേശ വികസന കോർപ്പറേഷൻ വഴി "Safety at Sea" പദ്ധതി പ്രകാരം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br>Integrated Sea Safety പദ്ധതി പ്രകാരം അപകടമുണ്ടായാൽ രക്ഷാപ്രവർത്തനത്തിന് ആവശ്യമായ യന്ത്രസാമഗ്രികൾ (VHF മറൈൻ റേഡിയോ, radio beaken, Automate identification System, holographic registration plate മുതലായവ) നൽകുന്നതുൾപ്പെടെയുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ